പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2945 **29-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിലെ റോഡ്, കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെയും അതിന് കീഴിലുള്ള റോഡ് ഫണ്ട് ബോർഡ്, കെ.ആർ.എഫ്.ബി, കെ.എസ്.ടി.പി, റിക്ക് തുടങ്ങിയ നിർമ്മാണ ഏജൻസികളുടെയും കീഴിൽ നിലവിൽ ഏതൊക്കെ റോഡ് നിർമ്മാണ/നവീകരണ പ്രവൃത്തികളാണ് നടന്നുവരുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയും പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള കാലയളവും വ്യക്തമാക്കാമോ;

മറുപടി: ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെ ആർ എഫ് ബി പി.എം.യു -വിന്റെ കീഴിലുള്ള റോഡ് നിർമ്മാണ / നവീകരണ പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ചങ്ങനാശ്ശേരി കവിയൂർ റോഡ്

നിലവിൽ ചങ്ങനാശ്ശേരി - കവിയൂർ റോഡിൽ ch.0/000 to ch.2/500 വരെയുള്ള ഭാഗങ്ങളിൽ (estimated cost of work-Rs. 37284270/- (without GST) ബാലൻസ് വർക്ക് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക്, റെസ്റ്റോറേഷൻ പ്രവർത്തി ഉൾപ്പെടെ DGBM & BC ചെയ്യുന്നതിനായി പ്രവർത്തി ആറ് തവണ ടെൻഡർ ചെയ്തിരുന്നു. ഏങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിട്ടില്ലാത്തതാണ്.

കൂടാതെ ചങ്ങനാശ്ശേരി - കവിയൂർ റോഡിൻറെ ch:.2/500 to ch.13/300 വരെയുള്ള ഭാഗത്തു പുതുതായി kwa പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ഭാഗം 40mm MSS ചെയ്ത സഞ്ചാരയോഗ്യമാക്കുന്നതിനായി (estimated cost of work-Rs. 38811513/- (without GST)) ആറു തവണ ടെൻഡർ ക്ഷണിച്ചിട്ടും കരാറുകാരാരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ലാത്തതാണ്. തുടർന്ന് KRFB-യുടെ പക്കൽ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ചങ്ങനാശ്ശേരി - കവിയൂർ റോഡ് (Ch:0/000 മുതൽ Ch: 6/696 വരെ ഉള്ള ഭാഗം) പാച്ച് വർക്ക് ചെയ്ത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ചങ്ങനാശ്ശേരി നിരത്ത് വിഭാഗത്തിനെ ചുമതലപ്പെടുത്തിട്ടുള്ളതാണ്.

2.തെങ്ങണ ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ്

ഈ പ്രവൃത്തിയ്ക്ക് 28.04.2025 ൽ റവന്യൂ (ബി) ഉത്തരവ് നൽകിയിട്ടുണ്ട്. തെങ്ങണ ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, അതിർത്തി കല്ലുകളുടെ പെയിന്റിംഗ് & നമ്പറിങ് ഉൾപ്പെടെ 09/01/2026 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ അലൈൻമെന്റ് ഡ്രോയിങ് LA കോട്ടയം വൈക്കം /

യൂണിറ്റിന് 07/4/2026 സമർപ്പിച്ചിട്ടുണ്ട്. 02/07/2026 തീയതിയിൽ സ്പെഷ്യൽ തഹസിൽദാർ എൽ.എയുമായി സംയുക്ത സ്ഥലപരിശോധന നടത്തി, അലൈൻമെന്റ് കല്ലുകൾ പരിശോധിച്ചിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 17.08.2026 തീയതിയിൽ LA യൂണിറ്റിന് കത്ത് നൽകിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള കെ.എസ്.റ്റി.പിയുടെ പരിധിയിൽ നിലവിൽ പുരോഗമിക്കുന്ന ഒരു പ്രവൃത്തിയാണ് ഉള്ളത്.

1. വീയപുരം – എടത്വ –മാമ്പുഴക്കരി-കിടങ്ങറ-വാലാടി മുളക്കാംതുരുത്തി റോഡ്.

മേൽ പ്രവൃത്തിയിൽ ഉൾപ്പെട്ട കിടങ്ങറ – വാലാടി – മുളക്കാംതുരുത്തി റോഡിന്റെ മുളക്കാംതുരുത്തി മുതൽ തുരുത്തി വരെയുള്ള 2.75 കി.മീ. മാത്രമാണ് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ഭാഗത്തിന്റെ ഒന്നാംഘട്ട ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഓടയും ഐറിഷ് ഡ്രെയിനിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.

നിലവിൽ പ്രോജക്ടിന്റെ 27.88 ശതമാനം പ്രവൃത്തി പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 05.02.2027 വരെയാണ്.

നിരത്ത് പരിപാലന വിഭാഗത്തിന്റെ കീഴിൽ ചുവടെ ചേർക്കുന്ന പ്രവർത്തികളാണുള്ളത്.

1. Mammood-Mannila-Puliyankunnu road 0/000- 2/59 (2.59 Km)

2. Kanichukulam-Chirathala Road 0/000- 2/5653 (2.653 Km)

3. Komencherychira Ambedkar Colony Road 0/00-1/00 1.00 km) ഈ 3 റോഡുകളിലായി 2 റണ്ണിംഗ് കോൺടാക്ട് പ്രവൃത്തികളാണ് നടന്നു വരുന്നത്. ഈ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 30/10/2026 ആണ്.

പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധം – I** ആയി ചേർക്കുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നത്; ഇവയുടെ ഇപ്പോഴത്തെ അവസ്ഥയും, പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതി എന്താണെന്നും വിശദമാക്കാമോ;

<u>മറുപടി:</u> ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ നടന്നു വരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധം – II** ആയി ചേർക്കുന്നു.

മേൽ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച അവലോകന യോഗം എല്ലാ മാസവും ഡിവിഷൻ ഓഫീസിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്താറുള്ളതാണ്. ഡിസൈൻ/A.R വിഭാഗങ്ങൾ മുഖേന വരുന്ന കാലതാമസം ഒഴിവാക്കുന്നതിനായി എല്ലാ മാസവും ഓൺലൈൻ മീറ്റിംഗ് നടത്താറുള്ളതും പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിക്കുന്നതിനുള്ള തടസ്സങ്ങൾ അതാത് ഓഫീസുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതുമാണ്.

(സി) മേൽപ്പറഞ്ഞ റോഡ്-കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ, സ്ഥലമേറ്റെടുപ്പ് തടസ്സങ്ങൾ അല്ലെങ്കിൽ കരാറുകാരുടെ വീഴ്ചകൾ മൂലം മുടങ്ങിക്കിടക്കുകയോ മന്ദഗതിയിലാവുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള/സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: അനുബന്ധം-II-ൽ പരാമർശിച്ചിട്ടുള്ള ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗത്തിന്റെ കീഴിലെ നിർമ്മാണ പ്രവൃത്തികളിൽ സ്ഥലമെടുപ്പ് തടസ്സങ്ങൾ ഒന്നും തന്നെയില്ല. സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി തന്നെ സ്വീകരിച്ചുവരുന്നു. കരാറുകാരുടെ വീഴ്ചകൾ മൂലം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. മന്ദഗതിയിലായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി കരാറുകാർക്ക് കത്തുകൾ നൽകിയിട്ടുള്ളതാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ നിർമ്മാണ തടസ്സങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം-III** ആയി ചേർക്കുന്നു.

(ഡി) ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ പുതുതായി ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്; ഇവയുടെ തൽസ്ഥിതി എന്താണെന്നും ഈ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭ്യമാക്കുന്നതിനും ഫണ്ട് അനുവദിപ്പിക്കുന്നതിനും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കാമോ;

മറുപടി: ഈ സാമ്പത്തിക വർഷം ആരംഭിച്ച പ്രവൃത്തി

Construction of New Building for Vivekananada Govt. LP School, Paral, Changanassery. AS No. G.O(Rt.) No. 469/2025/PWD Dated, Thiruvananthapuram 28/03/2025, Amount: 125 Lakhs-30/05/2026-ൽ കരാറുകാരന് site handed over ചെയ്ത് നൽകിയിട്ടുള്ളതാണ്.

നിലവിലെ സ്ഥിതി - ഫൌണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ഇ) പ്രസ്തുത മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണത്തിനായി നബാർഡ്, കിഫ്ബി, അല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. മേജർ വർക്സ് ഫണ്ട് എന്നിവ മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും ഇവയ്ക്ക് സാങ്കേതികാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കി നിർമ്മാണം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

മറുപടി: ചങ്ങനാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന് കീഴിൽ പ്രവൃത്തികളുടെ പുനരുദ്ധാരണത്തിനായി നബാർഡ്, കിഫ്ബി, അല്ലെങ്കിൽ പി.ഡബ്ല്യു.ഡി മേജർ വർക്സ് ഫണ്ട് എന്നിവ മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഇല്ല.

പ്രസ്തുത മണ്ഡലത്തിൽ കെ.ആർ.എഫ്.ബി-യുടെ പരിധിയിൽ KIIFB മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. Improvements to Changanassery Kaviyoor road Km 0/000 to 13/272 in Pathanamthitta district – Balance Work (Working ch 0/000 – 2/400)

പ്രസ്തുത പ്രവർത്തിക്കായി 4,89,93,888.04/- രൂപ ഉൾപ്പെടെ ചങ്ങനാശ്ശേരി കവിയൂർ റോഡ് (0/000 to 13/272) നവീകരണത്തിനായി 29.09.2025 തീയതിയിൽ കിഫ്ബിയിൽ നിന്നും 48,30,04,333/- രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവർത്തിക്കായി 05.11.2025 തീയതിയിൽ 4,40,00,000/- രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

2. KIIFB-KRFB URGENT RECTIFICATION WORK TO Changanassery Kaviyoor road - Rectification of carriageway by providing 40 mm MSS in Changanassery Kaviyoor road ch 2/500-13/300 kms

പ്രസ്തുത പ്രവർത്തിക്കായി 4,74,97,069.22/- രൂപ ഉൾപ്പെടെ ചങ്ങനാശ്ശേരി കവിയൂർ റോഡ് (0/000 to 13/272) നവീകരണത്തിനായി 29.09.2025 തീയതിയിൽ കിഫ്ബിയിൽ നിന്നും 48,30,04,333/- രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവർത്തിക്കായി 19.10.2025 തീയതിയിൽ 4,58,00,000/- രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുവാനായി പദ്ധതി നിർവഹണ ഏജൻസികൾ സമർപ്പിച്ചിട്ടുള്ള ചങ്ങനാശ്ശേരി കവിയൂർ റോഡ് വികസന പദ്ധതി, തിരുവല്ല മല്ലപ്പള്ളി റോഡ് വികസന പദ്ധതി, ചങ്ങനാശ്ശേരി ഫ്ലൈ ഓവർ, നാലുകോടി റെയിൽവേ മേൽപ്പാല നിർമ്മാണം, തെങ്ങണ ജംഗ്ഷൻ വികസനം എന്നീ പ്രവൃത്തികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതികളിൽ തെങ്ങണ ജംഗ്ഷൻ വികസന പദ്ധതിയുടെ ആദ്യ ഘട്ടമായി ഭൂമി ഏറ്റെടുക്കലിനു മാത്രമായി 2.58 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. പദ്ധതിയുടെ 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 13-08-2026-ൽ കൂടിയ കിഫ്ബിയുടെ 58-ാമത് ബോർഡ് യോഗത്തിൽ ഭൂമി ഏറ്റെടുക്കലിന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച പ്രവൃത്തികളുമായി മുന്നോട്ട് പോകാമെന്നും അല്ലാത്തവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്. തെങ്ങണ ജംഗ്ഷൻ വികസന പദ്ധതി പ്രവൃത്തി നിലവിൽ 11(1) ഘട്ടത്തിൽ എത്തിയിട്ടില്ല.

പൊതുമരാമത്ത് നിരത്തു പരിപാലന വിഭാഗത്തിന്റെ കീഴിൽ RC Karukachal Zone II 2026-27 എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി. ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. RC Changanassery ഭരണാനുമതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ നാലുകോടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഭാഗമായി പെരുന്തുരുത്തി-തെങ്ങണ റോഡിലുള്ള കല്ലുക്കടവ് പാലം പൊളിച്ച് വീതി കൂട്ടി പണിയുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, കെ.എസ്.ഇ.ബി/കേരള വാട്ടർ അതോറിറ്റി അധികൃതരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും നിർദ്ദിഷ്ട അലൈൻമെന്റിൽ ഉള്ള utility shifting ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. നിലവിൽ പുതുക്കിയ റെയിൽവേ GAD പ്രകാരം കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I.

(A) Details of ongoing works in Changanassery Constituency, Under PWD 23.10.2026 (1 Cr. & Above)

	Name of Work	Agreement No.	Agreed date of completion	Expected date of completion	Work Status
	Budget Works				
1	Budget Work 2024-25 (Substitution) -Providing MSS to Kottamuri -Peedikapady road in Thrikkodithanam Panchayath	13/EE/ROADS/KTM/2026-27 dated 27/07/2026	6 months, 05.04.2027.	05.04.2027	SHO done and initial levels taken
2	Budget Work 2024-25 (Substitution) -Providing BM & BC - Kodinattkunnu - Kailathpady road in Thrikodithanam Grama Panchayath	NA	6 months	NA	LOA issued
3	Budget Works 2023-24 -Upgradation Works-Providing BM & BC to Perumpanachi-Thottakkadu Road Ch.3/650-6/240 km In Karukachal section Part TS-Providing BM& BC to Perumpanachy-Thottackadu ch: 4/300-6/240	234/SESC/2025-26 Date : 25/02/2026	9 months, 06.12.2026	06.12.2026	SHO done. Application of KWA PH Section Changanasserry obtained for the ch 0/000-4/300 and DN issued for the same. So the Budget work on this chainage can be started only after completion of KWA work on this stretch

4	Budget Work 2025-2026 - -Providing BM & BC to Kaiayilpady-Karlyilakuzhy-Mallkappady-Kuruppankunnu-St.George kurissukavala upto Pulimodu junction in Kurichy Gramapanchayath	"131/SESC/2025-2026 Dated 26-09-2025"	9 months, 05.07.2026	05.07.2026	SHO done
	Sabarimala Works				
5	Sabarimala Festival Work 2025-26 - Improvements by providing BM & BC to Palliyadikkadavu Road from ch 0/000 to 3/000km& allied works	226/SESC/2025-2026 Date : 18/02/2026	9 months,27.11.2026	27.11.2026	Widening work ongoing
6	Sabarimala Works 2024 -25 Upgradation Works - Providing BM & BC to Thrikkodithnam - Kunnamthanam road ch 0/000 - 3/895	87/SESC/2025-26 Dated 11/08/2025	9 months, 20.05.2026	NA	Agreement executed & site handed over. JJM application received, so work is not started yet
7	SF Work 2025-26 - Improvements by providing BM & BC to Kannamperoor - Chethipuzha Road from ch 0/000 to 3/000 km & allied works	225/SESC/2025-2026 Date : 18-02-2026	NA	NA	Agreement executed. JJM application received.Work can be started only after completion of KWA pipe laying
	Navakerala sadass work 2024-2025				

അനുബന്ധം - II

Sl. No	Name of Work	Present Status
1	Construction of New Building for Govt. VHSS Vazhzppally, Changanassery	Solid block work completed Plastering work in progress
2.	Construction of New Building for Police Station, Changanassery.	Three Confirmatory bore hole taken as per meeting conducted on 29/07/2026 in CE Office with KHRI. Report received and submitted to design wing.
3.	Construction of New Building for KSRTC Depot, Changanassery.	Structural Work including Water Tank and brick work completed. Truss work and plastering work ongoing.
4.	Construction of New Building for Vivekananda Govt. LP School, Paral, Changanassery.	Work started. Earth work excavation and PCC completed. Footing concrete work ongoing.
5.	Construction of New Building for GHSS Vadakkekkara, Changanassery - Civil Work Composite Civil Work.	Test Pile casting completed 4 Nos on 17/04/2026 & 18/04/2026. Report submitted to design wing. Pile layout received.
6.	Construction of New Building for Govt. HSS Changanassery.	Roof slab concrete completed, brick work in progress.
7.	GENERAL - Govt. Musilm LP School, Palppad Maintenance - Govt. Musilm LP School Paippad Maintenance - General Work -1	Work Tendered and Site Handed over to contractor
8.	GENERAL - Urgent Ceiling Works for CFSE - Civil Work - General Civil Work	Work Tendered and Site Handed over to contractor
9.	GENERAL - Running contract for Munsiff & Judicial Courts - Running contract for Munsiff & Judicial Courts - General Civil Work.	Work ongoing
10.	GENERAL - Running Contract - Rest House Changassery - Running Contract -Rest House Changanassery - General Civil Work	Work ongoing
11.	GENERAL - Changanassery PWD Rest House Renovation - Part 1 - Changanassery PWD Rest House Renovation - Part 1 -General Civil Work.	LoA Issued

അനുബന്ധം – III

(C) Details of works which were not started due to various reasons in Changanassery Constituency, Under PWD Roads Sub Division, Changanasserry as on 23.10.2026

Sl. No	Name of work	Agreement No.	Agreed date of completion	Expected date of completion	Work Status	Remarks
	Budget Works					
1	**Budget Works 2023-24 - Upgradation Works- Providing BM & BC to Perumpanachi-Thottakkadu Road Ch.3/650-6/240 km in Karukachal section** **Part TS-Providing BM& BC to Perumpanachy-** Thottackadu ch: 4/300-6/240	**234/SESC/2025-26 Date : 25/02/2026**	**9 months, 06.12.2026**	**06.12.2026**	**SHO done. Application of KWA PH Section Changanasserry obtained for the ch 0/000-4/300 and DN issued for the same. So the Budget work on this chainage can be started only after completion of KWA work on this stretch**	***Part TS for reconstruction of culvert at ch 4/550 approved and tendered. and work completed. Application for JJM Pipe laying work recieved from KWA- Site handover done (ROW1072129/80475 dtd 21/05/2023 for ch 3/840 -6/240km RHS, ROW 1072129/80474 DTD 21/05/2023 FOR CH 3/840 - 6/240KM LHS) .Another work : Part TS-Providing BM& BC to Perumpanachy-Thottackadu ch: 4/300-6/240 -Part TS obtained***
2	**Budget Work 2025-2026 - - Providing BM & BC to Kalayilpady- Kariyilakuzhy-Malikappady-Kuruppankunnu-St.George kurissukavala upto Pulimodu junction in Kurichy Gramapanchayath**	**"131/SESC/2025-2026 Dated 26-09-2025"**	**9 months, 05.07.2026**	**05.07.2026**	**SHO done**	**Work paused for completing JJM Pipe laying by KWA**
	Sabarimala Works					

3	Sabarimala Works 2024 -25 Upgradation Works - Providing BM & BC to Thrikkodithnam - Kunnamthanam road ch 0/000 - 3/895	87/SESC/2025-26 Dated 11/08/2025	9 months, 20.05.2026	NA	Agreement executed & site handed over. JJM application received, so work is not started yet	
4	SF Work 2025-26 - Improvements by providing BM & BC to Kannamperoor - Chethipuzha Road from ch 0/000 to 3/000 km & allied works	225/SESC/2025-2026 Date : 18-02-2026	NA	NA	Agreement executed. JJM application received.Work can be started only after completion of KWA pipe laying	